# മാതാപിതാക്കളുടെ വാക്ക്




ഒരു ദിവസം അപ്പുവും അവന്റെ അമ്മയും അച്ഛനും കൂടി ബീച്ചിൽ പോയി. അപ്പുവിന് മൂന്ന് വയസ്സേ ആയിട്ടുള്ളൂ. അവന് ഇത്തിരി വികൃതിയും കൂടുതലായിരുന്നു. അവൻ അമ്മയുടെയും അച്ഛന്റെയും വാക്കു കേൾക്കാതെ വെള്ളത്തിൽ കളിച്ചു. പെട്ടെന്നാണ് വലിയൊരു തിര വന്നത്. അപ്പു മലർന്നടിച്ചു വീണു. അവൻ അലറിക്കരയാൻ തുടങ്ങി. അന്നേരം അച്ഛനും അമ്മയും അവനെ ഓടി വന്ന് രക്ഷിച്ചു. അമ്മ ചേർത്തു പിടിച്ചു:

''ശരിക്കും പേടിച്ചല്ലേ അപ്പൂ... ഞങ്ങൾ പറയുന്നത് കേട്ടിരുന്നേൽ ഇങ്ങനെ സംഭവിക്കുമായിരുന്നില്ലല്ലോ.'' അതുകേട്ടവൻ സങ്കടത്തോടെ തല കുലുക്കി. ഇനി അമ്മയും അച്ഛനും പറയുന്നതെല്ലാം താൻ അനുസരിച്ചോളാം എന്നും പറഞ്ഞു.

ഹാനിൻ സയാൻ. കെ
ക്ലാസ് 4
സെന്റ് ജോർജ് സ്കൂൾ,
നടക്കാവ്



**ദിയ ബഷീർ എ.കെ**, ക്ലാസ് 5
എ.യു.പി.എസ് തൃപ്പനച്ചി, മുത്തനൂർ



**ജസജലീൽ**, എൽ.കെ.ജി
പെരുമ്പിലാവ്, അൻസാർ സ്കൂൾ



**അൻസ കെ.ടി**, ക്ലാസ് 5
ഗ്രേസ് പബ്ലിക് സ്കൂൾ
വണ്ടൂർ

**രഹം**, ക്ലാസ് 2
എ.എം.ഐ മൂച്ചിക്കൽ
വളാഞ്ചേരി



# തണൽ

എൻ തണൽ നീ വെട്ടിമാറ്റി,
തണലില്ലാത്ത ഞാനിന്ന്
അനാഥമാണ്
അതിനാലാവണം നീയെന്നെ
വേട്ടയാടുന്നതും

തണൽ നഷ്ടപ്പെട്ടപ്പോൾ
ഞാൻ കണ്ടെത്തിയ മാർഗം
മൗനമെന്ന കൂട്ടുകാരിയെ
കൂടെക്കൂട്ടലായിരുന്നു.
എങ്കിലുമൊരുനാൾ
തണൽ നഷ്ടപ്പെട്ട
എല്ലാ പെൺകുട്ടികളുടെയും
നാവായി, വാളായി, തണലായി, താങ്ങായ്
ഒരു പെൺകൊടി ഉയിർത്തെഴുന്നേൽക്കും
നീ കാത്തിരുന്നോളൂ...

ലിയാന ഫാത്തിമ
ക്ലാസ് 7
ഐ.ആർ.എസ്, എടയൂർ


## കളിമുറ്റം ഉത്തരം

**1** 19

**2**

1. ALEWIFE
2. MINIBUS
3. MYSTERY
4. CABBAGE
5. CANASTA
6. SUAVITY

**3**






## മൂത്തവർ തൻ വാക്ക്

'മൂത്തവർ തൻവാക്കും മുതനെല്ലിക്കയും ആദ്യം ചവർക്കും പിന്നെ മധുരിക്കും എന്നത് നമ്മുടെ ഭാഷയിലെ ഒരു ചൊല്ലാണ്. മാതപിതാക്കളുടെയും ഗുരുജനങ്ങളുടെയും വാക്കുകളെയും ഉപദേശങ്ങളെയും നാം വളരെ ബഹുമാനത്തോടെ കേൾക്കുകയും അത് നമ്മുടെ ഭാവിക്കാണെന്ന് കരുതി അവർ പറയും രീതിയിൽ പ്രവർത്തിക്കുകയും വേണ്ടതാണ്. ഈ ലക്കം പൂമൊട്ടിലെ കഥയിൽ, മതാപിതാക്കളുടെ വാക്കു കേൾക്കാതിരുന്ന അപ്പുവിന് സംഭവിക്കുമായിരുന്ന ദുർവിധി ഒഴിഞ്ഞു പോകുന്നത് നാം ഉൾക്കിടിലത്തോടെ വായിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു. തണൽ എന്ന കവിതയും നന്ന്.

സസ്നേഹം
● മാഷ്